# മലയാളം കമ്പ്യൂട്ടിംഗ് – ദേശീയ ശില്പശാല

## 20 – 24 നവംബർ 2017

കേരള സർവകലാശാലയുടെ മലയാള വിഭാഗം അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്ര (ICFOSS)ത്തിന്റെ സഹകരണത്തോടെ **മലയാളം കമ്പ്യൂട്ടിംഗ് – ദേശീയ ശില്പശാല** സംഘടിപ്പിക്കുന്നു. **2017 നവംബർ 20 – 24 തീയതികളിൽ** കാര്യവട്ടം കാമ്പസിലെ കാമ്പസ് കമ്പ്യൂട്ടർ ഫെസിലിറ്റി (CCF)യിലാണ് ശില്പശാല നടക്കുന്നത്. കംപ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യുന്നതിൽ പ്രാവീണ്യം നേടുക, കമ്പ്യൂട്ടറിലെ എഴുത്ത്, വായന, പ്രസാധനം എന്നിവ പരിചയപ്പെടുത്തുക, വിക്കിപീഡിയയിൽ പങ്കാളിത്തം ഉറപ്പു വരുത്തുക, വിവിധ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുക, സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിചയിക്കുക, മലയാളം ഫോണ്ടുകൾ പരിചയപ്പെടുക, സോഫ്റ്റ്‌വെയർ പ്രാദേശികവൽക്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുക, സോഫ്റ്റ്‌വെയർ പ്രാദേശികവൽക്കരണത്തിനുള്ള ഉചിതരീതികളും മാനകീകരണങ്ങളും മനസ്സിലാക്കുക തുടങ്ങിയവ ശില്പശാലയുടെ ലക്ഷ്യമാണ്. മലയാളം കമ്പ്യൂട്ടിംഗ്, സോഫ്റ്റ്‌വെയർ പ്രാദേശികവൽക്കരണം എന്നീ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്നു.

**കെ. എച്ച്. ഹുസൈൻ** (രചന), **ഡോ. അച്യുത് ശങ്കർ എസ്. നായർ** (കേരള സർവകലാശാല), **ഡോ. വിധു നാരായണൻ** (യു.സി.കോളേജ്, ആലുവ), **വിശ്വപ്രഭ** (വിക്കിപീഡിയ), **ഡോ. രാജീവ് ആർ. ആർ**(പ്രോഗ്രാം ഹെഡ്,ICFOSS),**അനീഷ് എ.** (SMC), **രഞ്ജിത്ത്** (മലയാളം വിക്കിപീഡിയ, FSUG), **കണ്ണൻ** (പ്രോഗ്രാമർ,FSUG), **അമ്പാടി ആനന്ദ്** (അഡ്മിൻ, ടെലിഗ്രാം, FSUG), **മുജീബ് റഹ്മാൻ** (പ്രോഗ്രാമർ, FSUG), **രാജീവ്** (ഗവേഷകൻ), **ശ്രീകാന്ത്** (ഗവേഷകൻ), **മുഹമ്മദ് കാസിം** (ഗവേഷകൻ) തുടങ്ങിയവരാണ് ശില്പശാലയ്ക്ക് നേതൃത്വം നൽകുന്നത്.

**ഡോ. ബി. വി. ശശികുമാർ**
**അധ്യക്ഷൻ, മലയാള വിഭാഗം**
**കേരള സർവകലാശാല**

**ഡോ. ഷീബ എം. കുര്യൻ,**
**കോ – ഓർഡിനേറ്റർ,**
**മലയാളം കമ്പ്യൂട്ടിംഗ് ശില്പശാല**

**ഡോ. ജയശങ്കർ പ്രസാദ് സി.**
ഡയറക്ടർ, ICFOSS